റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടായിരുന്നു. ബന്ധപ്പെട്ട വകുപ്പുകളുടെ ഉദ്യോഗസ്ഥരും ഗ്രാസിം മാനേജുമെന്റ് പ്രതിനിധികളുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വ്യവസായവകുപ്പ് , തൊഴിൽവകുപ്പ്, ധനകാര്യവകുപ്പ് എന്നീ മന്ത്രിമാരും ചർച്ച നടത്തിയിട്ടും മാനേജുമെന്റ് മാവൂർ യൂണിറ്റിനെ കമ്പനിയിൽ നിന്നു വിടർത്തുവാൻ കമ്പനി നിയമം 381, 384 വകുപ്പുകളനുസരിച്ച് നടപടികൾ എടുത്തുവരുന്നതായി മനസ്സിലാക്കുന്നു. മധ്യപ്രദേശ് ഹൈക്കോടതിയിലെ ഇൻഡോർ ബഞ്ചിലുള്ള ഈ കേസിൽ കേരള സർക്കാരും കക്ഷി ചേരുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. തൊഴിലാളികളുടെ തുടർന്നുള്ള ജോലി ഉറപ്പുവരുത്താൻ നിയമപരമായ എല്ലാ നടപടികളും സർക്കാർ എടുത്തിട്ടുണ്ട്. കമ്പനി തുറന്നുപ്രവർത്തിക്കുന്നതോടെ കമ്പനിയുമായി ബന്ധപ്പെട്ട തൊഴിലാളികൾക്കും മരവും മുളയും വെട്ടുകയും കയറ്റിറക്കുമതി ജോലിയിലേർപ്പെട്ടിരിക്കുകയും ചെയ്യുന്ന തൊഴിലാളികൾക്കും തൊഴിൽ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. കമ്പനികളെ അവരെകൊണ്ടുതന്നെ നടത്തിക്കുക എന്നതാണ് സർക്കാരിന്റെ നയം. ഉള്ള കമ്പനികളെല്ലാം ഏറ്റെടുക്കാൻ തുടങ്ങിയാൽ സർക്കാർ വിഷമത്തിലാകും. ഇപ്പോൾ ഇൻഡോർ കോടതിയിൽ കേസ് ബൈഫർക്കേഷനുള്ള നടപടിയെടുത്തു. നമ്മളും ആ കേസിൽ കക്ഷി ചേരുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. അതിശക്തമായ നടപടികളെടുത്ത് ആ ഫാക്ടറി അവരെകൊണ്ടുതന്നെ നടത്തിക്കുക എന്നതാണ് ഈ ഗവൺമെന്റിന്റെ നയം. അതിനാവശ്യമായ നടപടികൾ തീർച്ചയായും കൈക്കൊള്ളും.

(8) പെരിയാർ നദീജലത്തിൽ ഉപ്പുവെള്ളം കൂടുന്നതുമൂലമുള്ള പ്രതിസന്ധി

ശ്രീ. കെ. മുഹമ്മദാലി : സർ, ഗവൺമെന്റ് അതിവ ഗൗരവമായി എടുക്കേണ്ട ഒരു പ്രശ്നമാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. പെരിയാർ നദിയിൽ ഉപ്പിന്റെ തോത് ആശങ്ക ഉണ്ടാക്കുന്ന തരത്തിൽ വർദ്ധിച്ചു വരികയാണ്. കഴിഞ്ഞ കുറെ കാലങ്ങളായി പെരിയാർ നദിയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. ഇപ്പോൾ എറണാകുളം വിശാല കൊച്ചി മേഖല ഉൾപ്പെടെ എറണാകുളം ജില്ലയിലെ കുടിവെള്ളത്തെ വരെ ബാധിക്കുന്ന വിധത്തിൽ വന്നിരിക്കുകയാണ്. കുറെ കാലമായി കുടിവെള്ളത്തിൽ ഉപ്പിന്റെ രസം ഉണ്ടായി കൊണ്ടിരിക്കുന്നു. ഇത്രയും ഗൗരവമായ ഒരു സാഹചര്യത്തിന് കാരണമായിട്ടുള്ളത് അവിടെ എല്ലാ വർഷവും ഉപ്പ് വെള്ളം കയറുന്നത് തടയുന്നതിന് കെട്ടാറുള്ള ബണ്ട് ഇത്തവണ കെട്ടിയിട്ടില്ല. മറ്റൊന്ന് അനിയന്ത്രിതമായ മണൽവാരൽ. ഇത് തടയാൻ ശ്രമിച്ചിട്ടില്ല. അതുപോലെ തന്നെ ഡാമുകൾ, പല സന്ദർഭങ്ങളിലും പുഴയിലെ നിരൊഴുക്ക് നിലനിർത്താനും ജലനിരപ്പ് താഴ്ന്ന് പോകാതിരിക്കാനും സമയാസമയങ്ങളിൽ ഡാമിൽനിന്നുള്ള വെള്ളം തുറന്നു വിടുക എന്നുള്ള ഒരു ധാരണയുണ്ടായിരുന്നു. ആ ധാരണ പാലിക്കാറില്ല. വാട്ടർ മാനേജുമെന്റിന്റെ കാര്യത്തിൽ ഗവൺമെന്റ് ഗൗരവമായ ഒരു സമീപനം സ്വീകരിക്കാറില്ല. അതുപോലെ തന്നെ അധികജല വിനിയോഗം. ഇപ്പോൾ കമ്മീഷൻ ചെയ്യാൻ പോകുന്ന ശുദ്ധജലവിതരണ പദ്ധതികൾ കൂടി വരുമ്പോൾ തന്നെ പെരിയാറിലെ വെള്ളം ഒട്ടും ഇല്ലാതാകുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരു സ്ഥിതിവിശേഷം ഉണ്ടാകും. വ്യവസായശാലകളിലെ പ്ലാന്റുകൾ അടച്ചു കൊണ്ടിരിക്കുന്നു. കുടിവെള്ളത്തിൽ ഉപ്പുരസം അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഒരു പരിധി കഴിഞ്ഞാൽ അത് കുടിക്കാൻ പറ്റാത്ത നിലയിലേക്ക് മാറുന്നു. വിശാലകൊച്ചി മേഖല മുഴുവൻ ഗുരുതരമായ സ്ഥിതിയെ നേരിടുന്ന സാഹച ര്യം കണക്കിലെടുത്തുകൊണ്ട് ഗവൺമെന്റ് വളരെ വേഗത്തിൽ തന്നെ ഇതിന് പരിഹാരം ഉണ്ടാക്കണം. അടിയന്തിരമായി ഡാമിൽ നിന്നും കുറെകൂടി വെള്ളം തുറന്നുവിടാനുള്ള മാർഗ്ഗം ആരായണം. അതുപോലെ ബന്ധപ്പെട്ടവരുടെ യോഗം അടിയന്തിരമായി എറണാകുളത്ത് വിളിച്ചുകൂട്ടി ഇതിന് പരിഹാരം കാണാനുള്ള മാർഗ്ഗം ആരായണം എന്നാണ് എനിക്ക് പറയാനുള്ളത്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള): സർ, കേരളത്തിലെ നദികളിൽ വ്യാവസായികം, കുടിവെള്ളം, കൃഷി എന്നീ ആവശ്യങ്ങൾക്ക് ഏറ്റവും കൂടുതൽ ഉപയോഗിക്കപ്പെടുന്നത് പെരിയാർ നദിയിലെ വെള്ളമാണ്. വേനൽക്കാലത്ത് പടിഞ്ഞാറോട്ടാണ് ഈ നദി ഒഴുകുന്നത്. അഴിമുഖത്ത് നിന്നും വളരെ ദൂരം ഉള്ളിലേക്ക് ഉപ്പുവെള്ളം കടന്നു വരുന്നതായി കണ്ട് വരുന്നുണ്ട്. എല്ലാ വർഷവും അത് സംഭവിക്കുന്നതാണ്. കേരളത്തിലെ പ്രമുഖ വ്യവസായസ്ഥാപനങ്ങൾക്കും എറണാകുളത്തുള്ള 55 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കും ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റു ഏരിയയിലേയ്ക്കുള്ള കുടിവെള്ളത്തിനും പെരിയാർ നദിയെയാണ് ആശ്രയിക്കുന്നത്. ജലം ഇത്രയധികം പ്രധാന ആവശ്യങ്ങൾക്ക് ഉപയോഗിക്കു ന്നതുമൂലം പെരിയാറിൽ ഉപ്പുവെള്ളം കയറുന്നത് ഈ പ്രദേശങ്ങളിൽ ഒട്ടേറെ പ്രശ്നങ്ങൾ സൃഷ്ടിച്ചിരിക്കുന്നു എന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അമിതമായ മണൽവാരൽമൂലം നദിയിലെ ജലനിരപ്പ് വർഷാവർഷം താഴ്ന്ന് വരുന്നത് ഉപ്പുവെള്ളം കൂടുതൽ ഉള്ളിലേക്ക് കയറാൻ ഇടയാകുന്നു. ഇത്തവണ തുലാവർഷം ഇല്ലാത്തതുകൊണ്ട് വളരെ നേരത്തെ തന്നെ ഉപ്പുവെള്ളത്തിന്റെ കയറ്റം തുടങ്ങിയിട്ടുണ്ട്. ഭൂതത്താൻകെട്ട് ഡാമിൽ നിന്ന് വേനൽക്കാലത്ത് സെക്കന്റിൽ 14.6 ഘനമീറ്റർ വെള്ളം തുറന്ന് വിട്ടെങ്കിൽ മാത്രമേ നദിയിൽകൂടി ഉപ്പുവെള്ളം മുകളിലേയ്ക്ക് കയറുന്നത് തടയാൻ സാധിക്കുകയുള്ളൂ. എന്നാൽ ഇത്രയും ജലം നദിയിലേക്ക് ഒഴുക്കി വിടാൻ പലപ്പോഴും കഴിയാറില്ല. പെരിയാറിലെ ഉപ്പുവെള്ളം തടയാൻ ജലസേചനവകുപ്പ്, പെരിയാർ നദിയിൽ പുറപ്പള്ളിക്കാവിലും പെരിയാർ നദിയുടെ കൈവഴിയായ വരട്ടാർ ബ്രാഞ്ചിൽ പാതാളത്തും ഇടമുള ബ്രാഞ്ചിൽ മഞ്ഞുമ്മലിലും എല്ലാ വർഷവും വേനൽക്കാലത്ത് താൽക്കാലിക ബണ്ടുകൾ നിർമ്മിച്ചു വരുന്നുണ്ട്. ഏകദേശം ജനുവരി, ഫെബ്രുവരി മാസങ്ങളിലാണ് ബണ്ടുകൾ പൂർത്തിയാക്കാറുള്ളത്. ഇത്തവണയും ബണ്ടിന്റെ പണി വളരെ നേരത്തെ തന്നെ തുടങ്ങിയിട്ടുണ്ട്. പുറപ്പള്ളിക്കാവ് ബണ്ട് ഡിസംബർ 25 ന് മുൻപായും മഞ്ഞുമ്മൽ ബണ്ട് ജനുവരി അവസാനത്തിന് മുൻപായും പാതാളം ബണ്ട് ഫെബ്രുവരി ആദ്യ ആഴ്ചയിലുമാണ് എല്ലാവർഷവും നിർമ്മാറുള്ളത്. പുറപ്പള്ളിക്കാവിലും, പാതാളത്തും ജലസേചനവകുപ്പിന്റെ ഡ്രെഡ്ജറുകൾ ഉപയോഗിച്ചും മഞ്ഞുമ്മലിൽ തെങ്ങിൻ കുറ്റികളും പനമ്പും ഉപയോഗിച്ചുമാണ് ബണ്ടുകൾ സാധാരണ നിർമ്മിക്കാറുള്ളത്. വളരെയധികം സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly

ബുദ്ധിമുട്ടുകളുണ്ടെങ്കിലും ഈ വർഷവും യഥാസമയത്തു തന്നെ ബണ്ടുകളുടെ നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. പുറപ്പള്ളിക്കാവിലും മഞ്ഞുമ്മലിലും ബണ്ടുകളുടെ നിർമ്മാണം ഇപ്പോൾ നടന്നു വരുന്നു. ഡിസംബർ 25 ന് മുൻപ് അത് തീർക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പതിവിന് വിപരീതമായി കടലിൽ നിന്ന് ഉപ്പുവെള്ളം നേരത്തെ നദിയിലേക്ക് കയറാൻ ഇടയായത് കണക്കിലെടുത്ത് പാതാളം ബണ്ടിന്റെ നിർമ്മാണം നേരത്തെയാക്കാനുള്ള നടപടികൾ എടുത്തുവരുകയാണ്. വർഷതോറും താൽക്കാലിക ബണ്ടുകൾക്ക് ചിലവാകുന്ന ഭീമമായ തുക കണക്കിലെടുത്ത് ഈ സ്ഥലങ്ങളിൽ സ്ഥിര നിയന്ത്രണ സംവിധാനം എന്ന നിലയിൽ മഞ്ഞുമ്മലും, പാതാളത്തും ഓരോ റെഗുലേറ്ററുകൾ നിർമ്മിക്കുന്ന കാര്യം ജലസേചന വകുപ്പിന്റെ പരിഗണനയിലുണ്ടായിരുന്നു. പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം മുന്നോട്ടു പോകാനായില്ല. ഇപ്പോൾ കൊച്ചി എണ്ണ ശുദ്ധീകരണശാല അധികാരികൾ അവരുടെ ഡീസൽ ഹൈഡ്രോ-ഡീ-സൽഫറൈസേഷൻ പ്രോജക്ടിനും പവർ പ്രോജക്ടിനും ആവശ്യമായി വരുന്ന വെള്ളം പെരിയാറിൽ നിന്ന് എടുക്കാൻ അനുവദിച്ചാൽ പകരമായി ഈ റെഗുലേറ്ററുകളുടെ പണിക്ക് ആവശ്യമായി വരുന്ന 20 കോടി രൂപ നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. എന്നാൽ പൊതുജനങ്ങളുടേയും ജനപ്രതിനിധികളുടേയും അഭിപ്രായത്തെ മാനിച്ച് ഇപ്പോൾ മഞ്ഞുമ്മലുള്ള ബണ്ട് പണിയാനായി സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പരിസ്ഥിതി സംബന്ധമായ പഠനങ്ങൾ നടത്തി ആ പഠനം അനുകൂലമാണെങ്കിൽ മാത്രമേ പാതാളത്ത് സ്ഥിരം ബണ്ട് നിർമ്മിക്കാൻ പാടുള്ളൂ എന്നതാണ് അവിടുത്തെ ജനങ്ങളുടേയും ജന പ്രതിനിധികളുടേയും നിലപാട്. ഇക്കാര്യത്തിൽ വിശദമായ പഠനത്തിനുള്ള ഏർപ്പാടുകളൊക്കെ ചെയ്തിട്ടുണ്ട്. വിശദമായ പഠനത്തിനുശേഷം യുക്തമായ തീരുമാനം സർക്കാർ എടുക്കുന്നതാണ്.

(9) പഞ്ചായത്ത് ജീവനക്കാരുടെ സമരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇന്ന് കേരളത്തിലെ പതിനായിരത്തോളം വരുന്ന പഞ്ചായത്ത് ജീവനക്കാർ സമരത്തിലാണ്. സമരത്തിന് ആധാരമായിട്ട് അവർ വച്ചിരിക്കുന്ന ആവശ്യം, പഞ്ചായത്ത് ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ചുകൊണ്ടുള്ള തീരുമാനം ഹൈക്കോടതി റദ്ദാക്കിയതിനെതിരെ അപ്പീൽ കൊടുക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്ത് നിന്നും ഇതുവരെ ഉണ്ടായിട്ടില്ല എന്നുള്ളതാണ്. വളരെ ദീർഘകാലത്തെ സമരത്തിന്റെ അടിസ്ഥാനത്തിലാണ് കഴിഞ്ഞ ഗവൺമെന്റ് പഞ്ചായത്ത് ജീവനക്കാരെ സർക്കാർ ജീവനക്കാരായിട്ട് മാറ്റിയത്. ഗവൺമെന്റിന്റെ ഭാഗത്ത് നിന്നും ആത്മാർത്ഥമായ പരിശ്രമം ഉണ്ടാകുകയില്ലായെങ്കിൽ ആ എടുത്ത തീരുമാനത്തിന്റെ പ്രയോജനം ഇപ്പോൾ പഞ്ചായത്ത് ജീവനക്കാർക്ക് ലഭിക്കാതെ പോകുന്നു. അതോടൊപ്പംതന്നെ ജില്ലാ പഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും അവർക്ക് ആവശ്യമായിട്ടുള്ള ആഡിറ്റിംഗ് സിസ്റ്റം നിർത്തിയിരിക്കുകയാണ്. അവിടെയുള്ള ആളുകളെ മറ്റ് സ്ഥലങ്ങളിലേക്ക് ഡിപ്ലോയ് ചെയ്തതുകൊണ്ട് അവിടുത്തെ വേക്കൻസികളെല്ലാം നിൽക്കുകയാണ്. ആഡിറ്റിംഗ് സംവിധാനം

LIBRARY ARCHIVES Kerala Legislative Assembly